## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4215** 03.02.2014-ൽ മറുപടിക്ക്

## കൊല്ലം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| കൊല്ലം മണ്ഡലത്തിലെ വരൾച്ച മൂലം ഉണ്ടാകുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ? | കൊല്ലം നിയമസഭാ മണ്ഡലത്തിൽ 2013 വരൾച്ചയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി 88.64 ലക്ഷം രൂപയുടെ 30 പ്രവൃത്തികൾക്കും, കൊല്ലം ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 67.48 ലക്ഷം രൂപയുടെ 31 പ്രവൃത്തികൾക്കും ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തികളിലായി കൊല്ലം മണ്ഡലത്തിലെ പനയം, തൃക്കരുവ, തൃക്കടവൂർ പഞ്ചായത്തുകളിൽ മൂന്ന് പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുകയും അതിൽ ഒരെണ്ണം പ്രവർത്തന ക്ഷമമാക്കുകയും ചെയ്തു. കൊല്ലം കോർപ്പറേഷൻ പ്രദേശത്ത് നിലവിലുണ്ടായിരുന്ന രണ്ട് കുഴൽ കിണറുകൾ കമ്മീഷൻ ചെയ്യുകയും വിവിധ പമ്പ് ഹൗസുകളിലായി 18 പുതിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും 5 കേടായ പമ്പ് സെറ്റുകൾ റിപ്പയർ ചെയ്തു സ്ഥാപിക്കുകയും കൂടാതെ ഏകദേശം 7000 മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയുമുണ്ടായി. |

കഴിഞ്ഞ വരൾച്ചാകാലത്ത് ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ ജലവിതാനം ക്രമാതീതമായി താഴുകയും കൊല്ലത്തേക്കുള്ള പമ്പിംഗ് മുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ, ജലവിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൊട്ടിയം ഉപരിതല ജലസംഭരണിയിൽ നിന്നും കൊല്ലം കോർപ്പറേഷൻ ഉൾപ്പെടുന്ന കൊല്ലം മണ്ഡലത്തിലേക്ക് വെള്ളമെത്തിക്കുന്നതിന് 214.04 ലക്ഷം രൂപ ചെലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കൊല്ലം ടൗൺ പ്രദേശത്തെ മൂന്ന് ഉപരിതല ജലസംഭരണികളിൽ ജലം ശേഖരിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു. കൂടാതെ വരൾച്ചയുമായി ബന്ധപ്പെട്ട് അടിയന്തിരമായി ചെയ്തു തീർക്കാവുന്ന 31 പ്രവൃത്തികൾക്കാവശ്യമായ 214 ലക്ഷം രൂപ അടങ്കൽ തുകയുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ കേരള വാട്ടർ അതോറിറ്റി കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പണികൾ പൂർത്തിയാക്കുന്നതാണ്.

വരൾച്ചയുടെ മുന്നൊരുക്കം എന്ന നിലയിൽ ജല അതോറിറ്റിയുടെ നിലവിലുള്ള ശുദ്ധീകരണശാലകളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി 60 മീറ്റർ നീളത്തിലും 1.2 മീറ്റർ വീതിയിലും ലീഡിംഗ് ചാനൽ നിർമ്മിച്ച് പമ്പിംഗ് മുടങ്ങാതെ നില - നിർത്താനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ